**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1125** **02/05/2017-ൽ മറുപടിയ്ക്ക്**

**കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയ അവാർഡുകൾ**

| **ചോദ്യം**<br>ശ്രീ.ടി. വി. ഇബ്രാഹിം | **മറുപടി**<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ: | കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഓരോ അവാർഡിന്റെയും മേഖല, അവാർഡ് തുക, തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ; | വിശദവിവരങ്ങൾ അനുബന്ധം II, III, IV ആയി ചേർത്തിട്ടുണ്ട് |
| (സി) ഈ സർക്കാരിന് കർഷകർക്കായുള്ള ഏതെങ്കിലും അവാർഡുകൾ കൊടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ : വ്യക്തമാക്കാമോ: | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017 മാർച്ച് മുതൽ ഏർപ്പെടുത്തിയ പുതിയ അവാർഡുകളായ പച്ചക്കറി വികസന പദ്ധതിയിൽപ്പെട്ട മികച്ച റെസിഡന്റ്സ് അസോസിയേഷൻ, മികച്ച മട്ടുപ്പാവ് കൃഷി, മികച്ച ട്രൈബൽ ക്ലസ്റ്റർ എന്നീ അവാർഡുകൾ, ചുരുങ്ങിയ സമയം കൊണ്ട് ഈ മേഖലകളിലെ നോമിനേഷൻ വാങ്ങി, മൂല്യനിർണ്ണയം നടത്തി അവാർഡ് നൽകാൻ കഴിയില്ല എന്നുള്ളതു കൊണ്ടും മിക്ക ജില്ലകളിലും കൃഷി സമയം അവസാനിക്കുകയും വരൾച്ച ബാധിക്കുകയും ചെയ്തതു കൊണ്ടും 2016-17 സാമ്പത്തിക വർഷത്തിൽ, ഈ അവാർഡുകൾക്ക് നോമിനേഷൻ ക്ഷണിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) കാർഷിക മേഖലയിൽ പുതിയ അവാർഡുകൾ ഏതെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്നു വിശദമാക്കാമോ? | ഉണ്ട്.<br>വിശദവിവരങ്ങൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു. |

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്

[signature]

**സെക്ഷൻ ഓഫീസർ**